പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4084

16.05.2017 -ൽ മറുപടിക്ക്

**മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ**

**ചോദ്യം**

ശ്രീ.വി.ഡി.സതീശൻ
ശ്രീ.എം.വിൻസെന്റ്
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.ഹൈബി ഈഡൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.മ്യൂസിയവും തുറമുഖവും
പുരാവസ്തു സംരക്ഷണവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) (ബി) & (സി) | മ്യൂസിയം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ സ്ഥാപനങ്ങളിലെ മ്യൂസിയങ്ങളിൽ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വീൽ ചെയറുകൾ, റാമ്പുകൾ, സ്പെഷ്യൽ ടോയ് ലറ്റ് സംവിധാനം, ലിഫ്റ്റുകൾ, വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മ്യൂസിയങ്ങളിൽ ഇതിനോടകം തന്നെ റാമ്പുകൾ ,വാഹന പാർക്കിംഗ് സൗകര്യം,വീൽ ചെയറുകൾ എന്നിവ സ്ഥാപിച്ചു. മൂന്നു മാസത്തിനുള്ളിൽ തന്നെ സ്പെഷ്യൽ ടോയ് ലറ്റും , ആറ് മാസത്തിനുള്ളിൽ സാധ്യമായവയിൽ ലിഫ്റ്റും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി നിലവിൽ 6 മ്യൂസിയങ്ങളിൽ ശുചിമുറികൾ ,പാർക്കിംഗ് മേഖലകൾ ,റാമ്പ് ,വീൽ ചെയർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഒന്നാം ഘട്ട പണികൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മ്യൂസിയങ്ങളിൽ ഇതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**